**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1164 — 12/07/2016 - ൽ മറുപടിക്ക്.

## വിശാല കൊച്ചി വികസന അതോറിറ്റിയുടെ 2011-2016 വരെയുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) വിശാല കൊച്ചി വികസന അതോറിറ്റിയുടെ 2011-2016 വരെയുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നു; | (എ) മറൈൻ ഡ്രൈവ് വാക്ക് വേ രണ്ടാം ഘട്ടം, ബണ്ട് റോഡ് ഒന്നാം ഘട്ടം, രാജേന്ദ്രമൈതാനിയിൽ മഴവിൽ അഴക് മൾട്ടിമീഡിയ ലേസർ ഷോ, കടവന്ത്ര മാർക്കറ്റ് പാലം, കലൂർ മാർക്കറ്റ് പാലം രാമേശ്വരത്ത് 48 കുടുംബങ്ങൾക്ക് ഭവന പദ്ധതി, കാക്കനാട് സ്റ്റുഡിയോ അപ്പാർട്ട്മെന്റ്, സൗത്ത് റെയിൽവേസ്റ്റേഷനിൽ ഈസ്റ്റേൺ എൻട്രി, കെട്ടിടത്തിനുമുമ്പിലും പാർക്ക് ഏരിയയും ഇന്റർ ലോക്ക് പാകൽ, അംബേദ്കർ റോഡ്, കോടേക്കനാൽ റോഡ്, റെയിൽവേ സ്റ്റേഷനു സമീപം 6 ഫ്ലാറ്റുകളുടെ സമുച്ചയം, ജിസിഡിഎ ഓഫീസിൽ അനക്സ് കെട്ടിടം, ഓഫീസ് നവീകരണം എന്നിവ എടുത്തുപറയാവുന്ന പദ്ധതികളാണ്. രാമേശ്വരത്ത് നഗരാസൂത്രണപദ്ധതിയ്ക്കുവേണ്ടി 1970 കളിൽ പൊന്നുംവിലയ്ക്ക് എടുത്ത സ്ഥലം വെള്ളക്കെട്ട് നിറഞ്ഞ് നഗരമാലിന്യങ്ങളുടെ നിക്ഷേപ സ്ഥലമായി കിടന്നിരുന്നത് വികസിപ്പിക്കുന്നതിനുവേണ്ടി ഇക്കോ-ഫിഷ് ഫാം എന്ന പ്രോജക്റ്റ് സർക്കാർ അംഗീകാരത്തോടെ നടപ്പിലാക്കി വരുന്നു. നഗരപ്രദേശത്തെ പരിമിതമായസ്ഥലം ഫലവത്തായി വിനിയോഗിച്ച് പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത നേടാമെന്ന സന്ദേശം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ജിസിഡിഎ ഓഫീസിനു മുമ്പിൽ ഉള്ള പൂന്തോട്ടത്തിൽ, പൂന്തോട്ടത്തിന്റെ സൗന്ദര്യം നഷ്ടപ്പെടാതെ വിവിധ ഇനം പച്ചക്കറികൾ നട്ട് നല്ല വിളവെടുപ്പ് നടത്തി മറ്റുള്ളവർക്ക് കൃഷിയിലേയ്ക്ക് ഒരു പ്രചോദനമായിട്ടുണ്ട്. കലവൂർ-കടവന്ത്ര റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ, കലൂർ മാർക്കറ്റ് കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ എന്നിവ പൂർത്തിയായി വരുന്നു. കോട്ടുവള്ളി പഞ്ചായത്തിനുവേണ്ടി നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സിനു മുകളിൽ ഒരു നില ഓഡിറ്റോറിയവും കടകളും പൂർത്തിയായി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ചരിത്ര പ്രസിദ്ധമായ രാജേന്ദ്ര മൈതാനത്തിൽ സ്ഥാപിച്ച ലേസർ ഷോ പദ്ധതി സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉയർന്ന് വന്നിട്ടുണ്ടോ; | (ബി) | രാജേന്ദ്ര മൈതാനത്തിലെ ലേസർ ഷോ സംബന്ധിച്ച് ആക്ഷേപങ്ങൾ ഒന്നും നിലവിൽ ഉള്ളതായി അറിയില്ല. പദ്ധതിക്കെതിരെ മുമ്പുണ്ടായ എതിർപ്പുകൾ പരിഹരിച്ചിട്ടുണ്ട്.- |
| (സി) | പ്രസ്തുത പദ്ധതിക്ക് ടെണ്ടർ ക്ഷണിച്ച് കരാർ നല്കിയിരുന്നോ; | (സി) | ടെണ്ടർ ക്ഷണിച്ച് കരാർ നൽകിയാണ് പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത് |
| (ഡി) | ഏതെല്ലാം സ്ഥാപനങ്ങൾ ആയതിലേക്ക് ടെണ്ടർ നല്കി; | (ഡി) | മെ. ലേസർ ടെക്, ബംഗ്ളൂർ എന്ന ഏക സ്ഥാപനമാണ് സാധുവായ ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. |
| (ഇ) | മറ്റെവിടെയെങ്കിലും ഇത്തരം പദ്ധതി സമീപ നാളുകളിൽ ആരംഭിച്ചിട്ടുണ്ടോ; ആയതിന്റെ ചെലവും ജി.സി.ഡി.എ യുടെ നിർമ്മാണച്ചെലവും താരതമ്യം ചെയ്യാമോ? | (ഇ) | ഇത്തരം പദ്ധതി സമീപനാളുകളിൽ മറ്റ് എങ്ങും ആരംഭിച്ചതായി ശ്രദ്ധയിൽ വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ